## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2205** 05.05.2017 ന് താല്ക്കാലിക മറുപടി നൽകിയത്.

### ബാറുകളിലെ ജീവനക്കാരെ പുനരധിവസിപ്പിക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | നിർത്താലാക്കിയ ബാറുകളിലെ ജീവനക്കാരെ പുനരധിവസിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | മദ്യനയത്തിന്റെ ഭാഗമായി പൂട്ടിയ ബാർ ഹോട്ടലുകളിൽ ഉണ്ടായിരുന്ന തൊഴിലാളികൾക്ക് ജോലി നൽകണമെന്ന വ്യവസ്ഥയിന്മേലാണ് ഇത്തരം ഹോട്ടലുകൾക്ക് ബാർ ലൈസൻസിന്റെ തുടർച്ചയെന്നോണം ബിയർ ആന്റ് വൈൻ പാർലർ ലൈസൻസുകൾ നൽകിയത്. പുനർജനി 2030 എന്ന പദ്ധതിയിലൂടെ സമാഹരിച്ച തുകയിൽ നിന്നും ഓരോ തൊഴിലാളിയ്ക്കും ഇടക്കാല സമാശ്വാസമായി ആദ്യ ഗഡുവായി 5000/- രൂപ വീതം 5851 പേർക്കും, രണ്ടാം ഗഡുവായി 10,000/- രൂപ വീതം 5809 പേർക്കും, തൊഴിൽ നഷ്ടപ്പെട്ടത് മൂലം ആത്മഹത്യ ചെയ്ത തൊഴിലാളികളുടെ ആശ്രിതർക്ക് 2,00,000/- രൂപ വീതം 3 പേർക്കും നൽകിയിട്ടുണ്ട്. |
| (ബി) | ഇതിൽ ക്ഷേമനിധി പെൻഷൻ ലഭിക്കുന്ന എത്ര പേരുണ്ട്; ലഭിക്കാത്തവർ എത്ര; | (ബി) | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി പെൻഷൻ പദ്ധതി പ്രകാരം 60 വയസ്സ് പൂർത്തിയാക്കി ക്ഷേമനിധി പെൻഷൻ കൈപ്പറ്റുന്ന ആകെ 460 പെൻഷനേഴ്സ് നിലവിലുണ്ട്. നിർത്താലാക്കിയ ബാറുകളിലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗമായ 60 വയസ്സ് പൂർത്തിയാക്കിയ എല്ലാ തൊഴിലാളികൾക്കും പെൻഷന് അർഹതയുണ്ട്. ആയത് പ്രകാരം അർഹതപെട്ടവർക്ക് അനുവദിച്ച് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അപേക്ഷ ലഭ്യമായതിനു ശേഷമെ കൃത്യമായ കണക്ക് ലഭ്യമാക്കാൻ കഴിയുകയുള്ളു. |
| (സി) | ഇവർക്ക് സ്വയംതൊഴിലുകൾ കണ്ടെത്തുവാൻ ബാങ്കുകൾ വഴി ലോൺ സൗകര്യം ഉണ്ടാക്കുമോ; വ്യക്തമാക്കുമോ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ